LIBRARY ARCHIVES Kerala Legislative Assembly

കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി

16 (*616) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. വി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്ന് കാർഷിക വായ്പയെടുത്തവരും കൃഷിനാശത്തെ തുടർന്ന് തിരിച്ചടവ് മുടങ്ങിയവരുമായ കർഷകരെ സാന്ത്വനികമായി സഹായിക്കാൻ പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇപ്രകാരം സഹകരണ ബാങ്കിൽനിന്ന് വായ്പയെടുത്തവരും മരണം സംഭവിച്ചതുമൂലം തിരിച്ചടവ് മുടങ്ങിയവരുമായ കർഷകരുടെ കടങ്ങൾ എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് വായ്പയെടുത്ത് മരണപ്പെടുന്നവരുടെ കുടുംബത്തിന് ആശ്വാസം പകരുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായ വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ പദ്ധതി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കിനിൽക്കുന്ന ഒരു നിശ്ചിത പരിധിവരെയുള്ള (ഇപ്പോൾ ഒന്നര ലക്ഷംരൂപ) മുതലും അതിന്റെ പലിശയും വായ്പ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നു. കൂടാതെ മരണപ്പെട്ടവർ ഉൾപ്പെടെയുള്ള കർഷകരുടെ കടങ്ങൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും കടാശ്വാസം അനുവദിച്ചുവരുന്നു.

കെൽടെക്ക് ബ്രഹ്മോസിന് കൈമാറുന്നതുണ്ടാക്കിയ ധാരണ

17 (*617) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽടെക്കിന്റെ ആസ്തിയും മറ്റും ബ്രഹ്മോസിന് കൈമാറുന്നതുണ്ടാക്കിയ ധാരണകൾ പാലിക്കപ്പെടുന്നുണ്ടോ ;

(ബി) കെൽടെക് കൈമാറുന്ന സമയത്തുണ്ടാക്കിയ ധാരണകൾ വിശദമാക്കാമോ ;

(സി) ബ്രഹ്മോസ് മിസൈലിന്റെ ഭാഗങ്ങൾ നിർമ്മിക്കാൻ സാധിക്കുന്ന തരത്തിൽ കെൽടെക്കിനെ ഉയർത്തിക്കൊണ്ടുവരുന്ന വാഗ്ദാനം എത്രത്തോളം പാലിക്കപ്പെടുന്നുണ്ട് ;

(ഡി) സ്ഥാപിതസമയത്തുണ്ടാക്കിയ ധാരണകൾക്കനുസരിച്ച് ബ്രഹ്മോസ് പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ അലംഭാവം കാട്ടിയിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) കെൽടെക്ക് കൈമാറുന്ന സമയത്തുണ്ടാക്കിയ കരാറിലെ പ്രധാനപ്പെട്ട ധാരണകൾ ചുവടെ ചേർക്കുന്നു :

1. കെൽടെക്കിന്റെ ആസ്തിബാദ്ധ്യതകളും ജീവനക്കാരെയും ഒരു രൂപ വിലനൽകി ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതായിരിക്കും.

2. കെൽടെക്കിന്റെ ജീവനക്കാരുടെ സേവനങ്ങൾ സംരക്ഷിക്കേണ്ടതാണ്.

3. കെൽടെക്കിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിവിധ തലങ്ങളിൽനിന്ന് ലഭിക്കേണ്ടുന്ന നിയമപരവും അല്ലാത്തതുമായ അനുമതികൾ നേടിയെടുക്കാൻ ബ്രഹ്മോസിന് ആവശ്യമായ എല്ലാ സഹായവും സംസ്ഥാന സർക്കാർ നൽകും.

4. ബ്രഹ്മോസിന്റെ തുടർ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അധികസ്ഥലം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ സഹായവും നൽകും.

5. ഏതെങ്കിലും സാഹചര്യത്തിൽ ഭാരത സർക്കാർ ഈ കമ്പനിയിൽനിന്ന് പിന്മാറുകയോ ഭാരതസർക്കാരിന്റെ കീഴിലുള്ളതല്ലാത്ത മറ്റേതെങ്കിലും സ്ഥാപനത്തിന് ഓഹരികളുടെ ഭൂരിഭാഗം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്നപക്ഷം ഇക്കാര്യത്തിൽ ആദ്യപരിഗണന സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

6. 100% ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്നതും റിട്ടയർ ചെയ്തതോ സർവ്വീസിലുള്ളതോ ആയ സാങ്കേതിക വിദഗ്ദ്ധൻ/ശാസ്ത്രജ്ഞൻ/മാനേജ്മെന്റ് വിദഗ്ദ്ധൻ എന്നീ ഗണത്തിൽപ്പെട്ട സർക്കാരിന്റെ ഒരു പ്രതിനിധി അടങ്ങുന്നതായിരിക്കും പുനഃസംഘടിപ്പിക്കപ്പെടുന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ്.

LIBRARY ARCHIVES Kerala Legislative Assembly